കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ സെക്രട്ടറിയുടെ നടപടി ഉത്തരവ്
(ഹാജർ : **PRAKASH.B.S**)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് – ഉപയോഗിക്കേണ്ട കവറുകൾ, ഫാറങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിൽ ഭേദഗതികൾ വരുത്തിയും ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരമാർശം:- 1.29.11.2024 ലെ ബി2/163/2024/സം.തി.ക നമ്പർ ഉത്തരവ്.
2.ബഹു. കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ 18.12.2024 ലെ യോഗ തീരുമാനം.
3.03.02.2025 ലെ ബി2/27/2025/സം.തി.ക നമ്പർ സർക്കുലർ.

**ഉത്തരവ് നം.B2/85/2024-SEC** തീയതി: **06-02-2025**

**ഉത്തരവ്**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി 2025 ൽ നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ട ഒരുക്കങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിവരികയാണ്. അപ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2025 ൽ നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ, നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ, കവറുകൾ, ഉദ്യോഗസ്ഥർക്കുള്ള കൈപ്പുസ്തകങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അന്തിമമാക്കുന്നതിനും അച്ചടിക്കുന്നതിനും ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ**

1. 2020-ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിച്ച എല്ലാ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങളും 2025-ലെ പൊതുതിരഞ്ഞെടുപ്പിലും ഉപയോഗിക്കുന്നതാണ്.
2. സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പ്രിന്റ് ചെയ്യുന്നതിന് മുമ്പ് ഡിജിറ്റൽ ഫോർമാറ്റിലുള്ള ഫാറങ്ങൾ അവയുടെ അസ്സൽ ഫാറങ്ങളുമായി ഒത്തു നോക്കി പരിശോധിച്ച് ശരിപ്പകർപ്പാണെന്ന് ഉറപ്പാക്കേണ്ടതാണ്.
3. നമ്പർ 1, 3, 4, 6 സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ യൂസർ ഡേറ്റാ എൻട്രി നടത്താൻ കഴിയുന്ന തരത്തിലോ, ഫാറമായോ നോമിനേഷൻ മാനേജ്മെന്റ് സോഫ്റ്റ് വെയറിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ക്രമീകരണം ഒരുക്കേണ്ടതാണ്. ഈ ഫാറങ്ങൾ പ്രത്യേകമായി പ്രിന്റ് ചെയ്ത് നൽകേണ്ടതില്ല.
4. സ്റ്റാറ്റ്യൂട്ടറി ഫാറങ്ങളായ 25, 25A, 26, 27 എന്നിവ TREND ആപ്ലിക്കേഷനിലൂടെ പ്രിന്റ് ചെയ്ത് എടുക്കാമെങ്കിലും 25A, 26 ഫാറങ്ങൾ ഒരു വരണാധികാരിയുടെ കീഴിലുള്ള വാർഡിന്റെ / നിയോജകമണ്ഡലത്തിന്റെ എണ്ണം കണക്കാക്കി അതിന്റെ ഇരട്ടി എണ്ണം അച്ചടിച്ച് നൽകേണ്ടതാണ്. 25, 27 സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ അച്ചടിച്ച് നൽകേണ്ടതില്ല._

**നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ**

5. 2020-ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിച്ച N-1 (മറ്റൊരു നിയോജകമണ്ഡലത്തിലെ

സമ്മതിദായകനാണെന്ന് തെളിവ് ഹാജരാക്കിയിട്ടില്ലെന്ന അറിയിപ്പ്), N-2 (സത്യപ്രതിജ്ഞ നൽകണമെന്ന അറിയിപ്പ്) എന്നീ ഫാറങ്ങൾ അതേപടി നിലനിർത്തിക്കൊണ്ട് 2025-ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കേണ്ടതും പ്രസ്തുത ഫാറങ്ങൾക്ക് പകരമായി നിലവിൽ തയ്യാറാക്കിയിട്ടുള്ള ഫാറം N-1(a) ഒഴിവാക്കേണ്ടതുമാണ്. N-3 ഫാറം പ്രിന്റ് ചെയ്ത് നൽകേണ്ടതില്ല. നോമിനേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്നും പ്രിന്റ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

6. N-28, N-29, N-30 ഫാറങ്ങൾ പ്രിന്റ് ചെയ്ത് നൽകേണ്ടതില്ല. "Expenditure Management Module" വഴി പ്രസ്തുത ഫാറങ്ങൾ പ്രിന്റ് ചെയ്ത് എടുക്കാൻ കഴിയുന്ന രീതിയിൽ ക്രമീകരണം ഒരുക്കണം. കൂടാതെ അവ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലും ക്രമീകരണം ഉറപ്പാക്കണം.
7. ആവശ്യമായ ഭേദഗതി വരുത്തിയ പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി ഫാറം N-13(P), N-13(M) അംഗീകരിക്കുന്നു. ഇത് പ്രിന്റ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.
8. നിലവിലുള്ള N-14 A ഫാറം അതേപടി നിലനിർത്തി ഉപയോഗിക്കേണ്ടതാണ്.
9. ഫാറം N-17, N-21 എന്നിവ "Poll Manager App" വഴി PDF ഡോക്കുമെന്റായി ഡൗൺലോഡ് ചെയ്തുപയോഗിക്കാൻ കഴിയുന്ന തരത്തിൽ ക്രമീകരണം ഒരുക്കേണ്ടതാണ്. ഇവ പ്രിന്റ് ചെയ്യേണ്ട ആവശ്യമില്ല.
10. ഫാറം N-31, N-32, N-33 എന്നിവ ഒഴിവാക്കിക്കൊണ്ട് പകരം N-42 ഫാറം സൂചന(3) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത് അച്ചടിച്ച് നൽകേണ്ടതാണ്.
11. N-40 വോട്ടേഴ്സ് സ്ലിപ്പ് A7 സൈസിൽ 100 എണ്ണം വരുന്ന ബണ്ടിലുകളായി പ്രിന്റ് ചെയ്യേണ്ടതാണ്.
12. N-41- Acknowledgment Receipt A5 സൈസിൽ പ്രിന്റ് ചെയ്യേണ്ടതാണ്.
13. മേൽ പരാമർശിച്ചിട്ടുള്ള നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ ഒഴികെയുള്ള മറ്റ് നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ എല്ലാം യാതൊരു മാറ്റവും കൂടാതെ നിലവിലുള്ള മാതൃകയിൽ അതേപടി ഉപയോഗിക്കേണ്ടതാണ്.

<u>**മാർഗ്ഗനിർദ്ദേശങ്ങൾ**</u>

14. ചെലവ് കണക്കുകൾ സംബന്ധിച്ച് സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, ലഘുലേഖകളും മറ്റും പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, കൗണ്ടിംഗ് സൂപ്പർവൈസർമാർക്കും അസിസ്റ്റന്റ്മാർക്കും ഉള്ള നിർദ്ദേശങ്ങൾ എന്നിവ I1, I2, I3 എന്നീ പേരുകളിലാണ് നിലവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനുപകരം പ്രസ്തുത നിർദ്ദേശങ്ങൾ യഥാക്രമം G1, G2, G3 എന്ന പേരുകളിലേക്ക് മാറ്റിയശേഷം പ്രിന്റ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.
15. "Expenditure Management Module" വഴി ഓൺലൈനായി സ്ഥനാർത്ഥികളുടെ ചെലവുകണക്കുകൾ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി G 1 ചെലവുകണക്കുകൾ സംബന്ധിച്ച് സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കേണ്ടതാണ്.
16. നിലവിലുള്ള കോടതി വിധികളുടെയും ഏറ്റവും പുതിയ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ G2-ലഘുലേഖകളും മറ്റും പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതാണ്.

<u>**ഹാന്റ് ബുക്കുകൾ**</u>

17. നിലവിലുള്ള എല്ലാ ഹാന്റ് ബുക്കുകൾക്കും (H B ) നമ്പറുകൾ നിശ്ചയിച്ച് നൽകേണ്ടതാണ്. അവ "HB No……." എന്ന രീതിയിൽ രേഖപ്പെടുത്തണം. List of symbols reserved to political parties നിലവിൽ M1 എന്ന പേരിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ഹാന്റ് ബുക്കായി കണക്കാക്കി HB No നൽകേണ്ടതാണ്. ഹാന്റ് ബുക്കുകൾ എല്ലാം നിലവിലുള്ള അതേ സൈസിൽ തന്നെ അച്ചടിച്ചാൽ മതിയാകും.

18. സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ഉൾപ്പെടെയുള്ള എല്ലാ ഫാറങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും ഹാന്റ് ബുക്കുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

19. 2025-ലെ വോട്ടർ പട്ടിക പുതുക്കൽ, പൊതുതിരഞ്ഞെടുപ്പ് അതിനനുബന്ധമായി നടക്കേണ്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ, അധ്യക്ഷ, ഉപാധ്യക്ഷ, സ്ഥിരംസമിതി മുതലായ തിരഞ്ഞെടുപ്പ് തുടർ പ്രവർത്തനങ്ങൾക്കായി കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള എല്ലാ ഫാറങ്ങളും അവ അച്ചടിച്ച് നൽകിയോ സോഫ്റ്റ്വെയറുകളിൽ ലഭ്യമാണ് എന്നത് പരിഗണിക്കാതെ തന്നെ അവയുടെ സ്റ്റേക്ക്ഹോൾഡർമാർക്ക് ഡൌൺലോഡ് ചെയ്തുപയോഗിക്കാൻ കഴിയുന്ന തരത്തിൽ FORMS- PANCHAYAT / MUNICIPALITTY - STATUTARY / NON STATUTORY എന്ന രീതിയിൽ നമ്പർ ക്രമത്തിൽ ക്രമീകരിച്ച് SEC WEBSITE -ൽ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം തന്നെ HAND BOOKS , CIRCULARS AND ORDERS എന്നിവ വിഷയ ക്രമത്തിലും ലഭ്യമാക്കേണ്ടതാണ്.

20. സൂചന (1) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് 2020-ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിച്ച എല്ലാ കവറുകളും യാതൊരുമാറ്റവും കൂടാതെ ഉപയോഗിക്കേണ്ടതാണ്. കവറുകളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.

ഈ ഉത്തരവ് 01.08.2025 തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഇതു പ്രകാരമുള്ള ഭേദഗതികൾ കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകങ്ങളിൽ വരുത്തേണ്ടതാണ്.

Signed by
Prakash B S
Date: 06-02-2025 11:11:26
PRAKASH B S
SECRETARY

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ
സെക്രട്ടറിയുടെ സി.എ
ഐ.ടി സെൽ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ANNEXURE**

| Sl.No | Name of Packet | Specification of Packets/Covers |
|---|---|---|
| **I** | **Packet I** | 40 x 30 cm<br>Ribbed Craft 140gsm |
| 1 | Sealed Cover<br>containing marked copy of the Electoral Roll | 35 x 15 cm<br>110 gsm<br>Ordinary Craft |
| 2 | Sealed Cover<br>Containing Register of Votes | 35 x 25 cm<br>140 gsm<br>Ordinary Craft |
| 3 | Sealed Cover<br>Containing used Tendered Ballot Paper & List in Form 21 B | 30 x 10 cm<br>110 gsm<br>Ordinary Craft |
| 4 | Sealed Cover<br>Containing List of challenged votes | 30 x 10 cm<br>110 gsm<br>Ordinary Craft |
| 5 | Sealed Cover<br>Containing unused Tendered Ballot Paper | 30 x 10 cm<br>110 gsm<br>Ordinary Craft |
| **II** | **Packet II** | 35 x 25 cm<br>Ribbed Craft<br>140 gsm |
| 6 | Receipt book in respect of challenged votes | |
| 7 | Copy of the Electoral Roll (other than marked copy) | |
| 8 | Appointment letters of polling agents in Form No.10 | |
| 9 | List of blind/infirm electors in Form No.22 and declaration of companions | |
| 10 | Election duty certificate | |
| 11 | Declaration about age | |
| 12 | Used voter slip | |
| **III** | **Packet III** | 35 x 25 cm<br>Ribbed Craft<br>140 gsm |
| 13 | Unused/Damaged Paper Seals | |
| 14 | Unused/Damaged Strip Seals | |
| 15 | Unused/Damaged Special Tags | |
| 16 | Handbook for Presiding Officers | |
| 17 | Manual of EVM | |
| 18 | Indelible Ink Set | |
| 19 | Self Inking Pads | |
| 20 | Metal Seal of the Presiding Officer | |
| 21 | Arrow Cross Mark Seal marking tendered ballot papers | |
| 22 | Rubber Seal distinguishing polling station | |
| 23 | Acquittance Roll | |
| | | |

| | | |
|---|---|---|
| 24 | Unused Voter's Slip | |
| 25 | Any other items | |
| **IV** | **Packet IV** | 30 x 14 cm<br>Ordinary Craft<br>110 gsm |
| 26 | Account of Votes recorded (24A) | |
| 27 | Cancelled Ballot Label | |
| **V** | **Packet V** | 30 x 14 cm<br>Ordinary Craft<br>110 gsm |
| 28 | Presiding Officers Diary | |
| 29 | Presiding Officers Declaration | |
| 30 | Copy of list of challenged votes and cash forfeited | |
| 31 | **Form 18 (Small Cover) – Panchayat** | 24 x 10 cm<br>Ordinary Craft<br>(White Colour) |
| 32 | **Form 19 (Big Cover) – Panchayat** | 29 x 13 cm<br>Ordinary Craft<br>(White Colour) |
| 33 | **Postal Ballot Cover (for sending)- Panchayat** | 41 x 15 cm<br>Ordinary Craft |
| 34 | **Form 18 (Small Cover) – Municipality** | 24 x 10 cm<br>Ordinary Craft<br>(White Colour) |
| 35 | **Form 19 (Big Cover) – Municipality** | 29 x 13 cm<br>Ordinary Craft<br>(White Colour) |
| 36 | **Postal Ballot Cover (for sending)- Municipality** | 41 x 15 cm<br>Ordinary Craft |
| 37 | **DMM Seal Cover** | 23 x 10 cm<br>Gauze lined cover |